# ലോക്ഡൗൺ തുറക്കുന്ന വാതിലുകൾ.

ലോകമാകെ പടർന്നുകൊണ്ടിരുന്ന കൊറോണയെന്ന മഹാമാരിയെ ചെറുക്കാൻ മനുഷ്യർ പടക്കിറങ്ങിയിട്ട് രണ്ട് മാസം പിന്നിടുന്നു. ആഘോഷങ്ങളും ആരവങ്ങളുമായി ഉത്സവമായിരുന്ന മനുഷ്യജീവിതത്തിൽ പെട്ടെന്നുണ്ടായ ഒരു സഡൺ ബ്രേക്ക് ആയിരുന്നു ലോക്ഡൗൺ. ഈ ലോക്ഡൗൺ കാലം ചിലർക്ക് സന്തോഷത്തിന്റേതായിരുന്നു, ചിലർക്കാകട്ടെ സങ്കടത്തിന്റേതും. ചിലരാകട്ടെ സങ്കടപ്പെടുന്നവരിൽ സന്തോഷത്തിന്റെ തിരിനാളം തെളിയിക്കുവാൻ മുന്നിട്ടിറങ്ങി.

ഈ ലോക്ഡൗൺ മലയാളികൾക്ക് കുറേയേറെ തിരിച്ചറിവുകൾ നൽകിയെന്ന കാര്യത്തിൽ തർക്കമേതുമില്ല. അടുക്കളയിലെ ധാരാളിത്തത്തിൽ നിന്ന് ഉള്ളത് കൊണ്ട് ഓണം പോലെ കഴിയാൻ ലോക്ഡൗണിൽ നമ്മൾ പഠിച്ചു. അത്യാവശ്യ പലവ്യഞ്ജനങ്ങളുടെയും മറ്റും പച്ചക്കറികളുടെയും ലഭ്യതക്കുറവ് മലയാളിയെ ചില്ലറയൊന്നുമല്ല കുഴപ്പിച്ചത്. തൊടിയിൽ സുലഭമായി കാണുന്ന ചക്കയും മാങ്ങയും ഓമക്കയും ഒക്കെയാണ് ഒരു പരിധിവരെ വീട്ടമ്മമാർക്ക് ആശ്വാസമായിരുന്നത്. ചെറുപ്പത്തിൽ കൈവിട്ട പല രുചികളും ഈ ലോക്ഡൗണിൽ നമ്മെ തേടിയെത്തിയത് ഈ വീട്ടിലിരുപ്പ് സമയത്താണ്.

പഴയ പല ശീലങ്ങളും പൊടിതട്ടിയെടുക്കാൻ കൂടിയുള്ള സമയമായിരുന്നു ഈ പിന്നിട്ടത്. പഴമയുടെ നന്മ-യിലേക്ക് തിരികെപോകാൻ ചിലർക്കെങ്കിലും കഴിഞ്ഞുവെന്നത് ആശ്വാസകരം. അടുക്കളത്തോട്ടത്തിന്റെ പ്രാധാന്യം എത്രത്തോ-ളമെന്ന് എല്ലാവരും പഠിച്ചു. സ്ഥലസൗകര്യം ഉള്ളവർ അടുക്കളത്തോട്ടം വളർത്തിയെടുത്തു. ഫ്ലാറ്റിനുള്ളിൽ കഴിയു-ന്നവർ പോലും മൈക്രോഗ്രീൻ കൃഷി സമ്പ്രദായത്തിലേക്ക് ചുവട് വെച്ച് കഴിഞ്ഞു. ഉലുവ, കടുക്, ചെറുപയർ തുടങ്ങി വീട്ടിൽ ലഭ്യമായ കുഞ്ഞു വിത്തിനങ്ങൾ വളർത്തിയെടുത്ത് ഇലയും തണ്ടുമെല്ലാം പച്ചയ്ക്കും തോരനായും സാലഡായും കഴിക്കുന്ന പുതിയ ആരോഗ്യശീലം.

കൃഷിയോടൊപ്പം തന്നെ പൂന്തോട്ടപരിപാലനവും മത്സ്യകൃഷിയുമെല്ലാം പൂർവ്വാധികം ശക്തിയോടെ തിരികെ എത്തിയിട്ടുണ്ട്. പലരുടെയും ഉള്ളിൽ ഉറങ്ങികിടന്ന കലാവാസനകൾ മിനുക്കിയെടുക്കാനുള്ള അവസരം കൂടിയാണ് നമ്മൾക്ക് ലഭിച്ചത്. ചിലർ ഉപയോഗിച്ചുപേക്ഷിച്ച കുപ്പികൾ, ചിരട്ടകൾ, പേപ്പറുകൾ തുടങ്ങിയവയിൽ കലാവിരുത് തെളിയിച്ചപ്പോൾ, മറ്റുചിലർ മുത്തശ്ശിമാരുടെ പഴയ രഹസ്യരുചിക്കൂട്ടുകളുടെ കലവറ തുറക്കാനുള്ള ശ്രമത്തിലായിരുന്നു. തൊടികളിലെ ചക്കയും മാങ്ങയും എന്തിനേറെ പറയുന്നു പ്ലാവില വരെ പരീക്ഷണ വസ്തുക്കളായി.

തിരക്കിട്ട ജീവിതത്തിലെപ്പോഴോ നഷ്ടപ്പെടുത്തിയ വായനാശീലം തിരികെപിടിക്കാൻ ഈ ലോക്ഡൗൺ ചിലരെ സഹായിച്ചു. എം.ടിയും, മാധവിക്കുട്ടിയും എം. മുകുന്ദനുമെല്ലാം അവരുടെ വിരസദിനങ്ങളെ നിറമുള്ളതാക്കി. സംഗീതം, നൃത്തം തുടങ്ങിയ മേഖലയിൽ കഴിവ് വികസിപ്പിക്കാനും മലയാളി മറന്നില്ല.

പഴയ പല ശീലങ്ങളും മര്യാദകളും എത്രത്തോളം ആരോഗ്യപരമായിരുന്നു എന്ന് തിരിച്ചറിയാനും കോവിഡ് കാലം സഹായിക്കുന്നു. ഇന്നത്തെ ഹസ്തദാന മര്യാദയിൽ നിന്ന് പഴയകാലത്തെ കൈകൂപ്പി നമസ്തേ പറയുന്ന ഇൻഡ്യൻ സംസ്കാരത്തിലേക്ക് വികസിതരാജ്യങ്ങൾ വരെ മാറുകയാണ്. കേരളത്തിലെ പഴയ ഗൃഹങ്ങളിൽ ഉമ്മറത്ത് എപ്പോഴും ഉണ്ടായിരുന്ന കിണ്ടിയും വെള്ളവും പൂർവികരുടെ ആരോഗ്യകരുതലിന്റെ അടയാളമായിരുന്നു. മൺമറഞ്ഞ് പോയ ആ ശീലവും ഈ കോവിഡിൽ തിരികെ എത്തിയിരിക്കുന്നു.

നമ്മുടെ അന്തരീക്ഷം എത്ര മനോഹരമായിരിക്കുന്നു. കിളികളുടെ ശബ്ദം തിരിച്ച് വന്നിരിക്കുന്നു. നമ്മുടെ ജലാശയങ്ങളിലും എല്ലായിടത്തുമുള്ള മലിനീകരണം കുറഞ്ഞിരിക്കുന്നു. പൊടിപടലങ്ങൾ കുറഞ്ഞിരിക്കുന്നു.

ചുറ്റും ഒന്നു നോക്കൂ, ഇപ്പോൾ മനുഷ്യനെ മനുഷ്യനായി
കാണുന്ന ഒരു സമൂഹത്തെ കാണുവാൻ സാധിക്കും
രാജ്യത്ത് പ്രതിഷേധങ്ങളോ ബഹളങ്ങളോയില്ല.
ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ എല്ലാം ഇപ്പോൾ
അടഞ്ഞ് കിടക്കുകയാണ്. ആൾദൈവങ്ങളും ആത്മീയത
വിറ്റ് കാശാക്കിയവരുമൊക്കെ ഇന്നെവിടെയോ പോയി
ഒളിച്ചിരിക്കുന്നു. അനാവശ്യ ധൂർത്തുകളില്ലാതെ കടന്നു
പോയ വിഷുവും ഈസ്റ്ററും എല്ലാം നമ്മുക്കോരോ
പാഠങ്ങളാണ്, ഇവയാണ് യഥാർത്ഥ ആഘോഷരീതികൾ
എന്ന്, ഒത്ത്[illegible]ലില്ലാതെ, ബഹളങ്ങളില്ലാതെയും
ആഘോഷിക്കാമെന്ന്.

ഇതൊരു തിരിച്ചറിവിന്റെ കാലമാണ്
അഹങ്കാരവും പൊങ്ങച്ചവും
ഞാനെന്ന ഭാവം നടിച്ചവരും
പറഞ്ഞിരുന്നവരും ഇപ്പോൾ മനസ്സിലാക്കിയിട്ടുണ്ടാകും
മനുഷ്യർ എത്ര നിസാരർ ആണെന്ന്. കാലം കാത്തുവെച്ച
നിയോഗം പോലെ നമ്മളിൽ തിരികെയെത്തിയ ഈ
നന്മകളും തിരിച്ചറിവുകളും ഇനിയൊരിക്കലും കൈവിടില്ലെന്ന്
പ്രതിജ്ഞയെടുക്കാം. ലോകത്തെ ബാധിച്ചിരിക്കുന്ന ഈ
വിപത്തിൽ നിന്ന് മനുഷ്യരാശിയെ രക്ഷിക്കാൻ
സർവ്വശക്തനായ ഈശ്വരനോടു പ്രാർത്ഥിക്കാം.
പരിപൂർണ്ണ മുക്തിയുടെയും സൗഖ്യത്തിന്റെയും നല്ലൊരു
നാളേക്കായ് പ്രത്യാശിക്കാം.